<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1387</u> <u>19-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വിനോദസഞ്ചാര മേഖലയിലെ പുതിയ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ആഭ്യന്തര വിദേശ സഞ്ചാരികളെ ആകർഷിയ്ക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാരവൻ ടൂറിസം, ഡെസ്റ്റിനേഷൻ വെഡിംഗ്, ഡെസ്റ്റിനേഷൻ ചലഞ്ച്, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, സാഹസിക ടൂറിസത്തിലെ പുതിയ പദ്ധതി, എക്സ്പീരിയൻഷ്യൽ ടൂറിസം, സ്ട്രീറ്റ്, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാരം, അഗ്രി ടൂറിസം നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി, അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം, സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തി വരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തിവരുന്നു.<br><br>വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പട്ടാമ്പി ഭാരതപ്പുഴയുടെ തീര പ്രദേശങ്ങളിൽ വിനോദസഞ്ചാരികൾക്ക് പ്രധാന കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചരണ | (ബി) | ഭാരതപ്പുഴയുടെ തീരപ്രദേശത്തെ ടൂറിസം മേഖലകളെ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി വിവിധ പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | പരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | സാധ്യതകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ